(13) ആലപ്പുഴ ജില്ലാ ആസ്ഥാനത്തുള്ള കോടതികൾ നിലനിറുത്തണമെന്ന ആവശ്യം

ശ്രീ. കെ. പി. രാമചന്ദ്രൻനായർ : സർ, ആലപ്പുഴ ജില്ലാ ആസ്ഥാനത്തെ വിവിധ കോടതികൾ പല സ്ഥലങ്ങളിലേക്ക് മാറ്റുകയും പല കോടതികളുടെയും അധികാര പരിധി കുറക്കുകയും ചെയ്തു. ഇതിനുപുറമെ ജില്ലാ കോടതിയേയും, എം. എ. സി. ടി. കോടതിയേയും ഇപ്പോൾ അവിടെ നിന്നും ചേർത്തലയിലേക്ക് മാറ്റാനുള്ള നടപടികളായി വരുന്നുവെന്ന് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ഇനിയുള്ള കോടതികളെങ്കിലും അവിടെ നിലനിറുത്തുന്നതിനുവേണ്ട നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അവിടെ ഇന്ന് കോടതികൾക്ക് പ്രവർത്തിക്കുന്നതിനുവേണ്ടിനുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. കോടതികൾ പ്രവർത്തിക്കുന്നില്ലെങ്കിൽ കെട്ടിടങ്ങളുടെ ആവശ്യമില്ല. അതുകൊണ്ട് കോടതികൾ മാറ്റാനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിയെങ്കിൽ അത് പുനഃപരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, ആലപ്പുഴ ജില്ലയിൽ നിന്നും കോടതികളൊന്നും മറ്റു സ്ഥലങ്ങളിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ എം. എ. സി. ടി. കോടതിയുടെ സിറ്റിംഗ് ചേർത്തല വച്ച് നടത്താൻ ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ എം. എ. സി. ടി. കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് ചേർത്തല നിന്നുള്ളതായതുകൊണ്ടാണ് അപ്രകാരം നടത്തുന്നത്.

(14) എറണാകുളം സിവിൽ സ്റ്റേഷനിലെ സർക്കാർ ജീവനക്കാർക്ക് സി. സി. എ. പുനഃസ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. ബാബു : സർ, എറണാകുളം ജില്ലാ കളക്ടറേറ്റ് എറണാകുളം ടൗണിൽ നിന്നും തൃക്കാക്കരയിലേക്ക് മാറിയപ്പോൾ അവിടത്തെ ജീവനക്കാർക്ക് സി. സി. എ. നൽകാമെന്നുള്ള ധാരണയുണ്ടായിരുന്നു. 1980 മുതൽ സി.സി.എ. കൊടുത്തുവരികയായിരുന്നു. എന്നാൽ ഇടക്കാലത്ത് സി.സി.എ. നിറുത്തലാക്കി. സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ജോലി ചെയ്യുന്ന സംസ്ഥാന ജീവനക്കാരുടെ സി. സി. എ. നിറുത്തലാക്കുകയും അതേ കെട്ടിടത്തിൽ ജോലിചെയ്യുന്ന കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് സി. സി. എ. ലഭിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിറുത്തലാക്കിയ സി. സി. എ. പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, എറണാകുളം ജില്ലയിലെ സിവിൽ സ്റ്റേഷനിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് മുമ്പു ലഭിച്ചുകൊണ്ടിരുന്ന സി. സി. എ. പുനഃസ്ഥാപിച്ചു നൽകുന്നതിന് 12-3-1996-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(15) ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിൽ നടന്ന അതിക്രമങ്ങൾ

ശ്രീമതി ശോഭനാ ജോർജ് : സർ, കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിലെ തിരുമുറ്റത്തെ നന്ദികേശ വിഗ്രഹവും രഥവും നാഗരാജനാഗയക്ഷി വിഗ്രഹവും കഴിഞ്ഞ രണ്ടു ദിവസത്തിനു

LIBRARY ARCHIVES Kerala Legislative Assembly

മുമ്പുള്ള രാത്രിയിൽ തകർത്തിരിക്കുന്നു. ആരാധനാ സ്വാതന്ത്ര്യത്തിൻ മേലുള്ള കടന്നാക്രമണം അവസാനിപ്പിക്കണം. മതസൗഹാർദ്ദത്തിന് പേരു കേട്ട സ്ഥലമാണ് ചെങ്ങന്നൂർ. അത് തകർക്കാൻ ആരേയും അനുവദി ക്കരുത്. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നും വളരെ ഗൗരവമായി ഈ പ്രശ്നത്തിന് അടിയന്തിര നടപടി ഉണ്ടാകണമെന്നും ഗവൺ മെന്റിനോടഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി.വി.പത്മാജൻ) : സർ, ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിന് പുറത്തുള്ള ആൽത്തറയിൽ സ്ഥാപിച്ചിരുന്ന നാഗരാജാവിന്റെയും നന്ദികേശന്റെയും വിഗ്രഹങ്ങൾ 11-3-1996-ന് രാത്രി 12 മണിക്ക് അടിച്ച് തകർത്ത് നശിപ്പിക്കപ്പെട്ടു. ദേവസ്വം അഡ് മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. നാരായണൻ നമ്പൂതിരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 169/96 അണ്ടർ സെക്ഷൻ 143, 147, 148, 149, 427, 295, 153 ഐ. പി. സി. പ്രകാരം ചെങ്ങന്നൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. കേസിൽ അഞ്ച് പ്രതികളാണുള്ളത്. ഓമനക്കുട്ടൻ, സന്തീഷ്, രാജേഷ്, രാജൻ, സജു ഇവരെല്ലാം ഹിന്ദുക്കളാണ്. അതുകൊണ്ട് സമുദായ സംഘർഷത്തിന്റെ പ്രശ്നം അവിടെയില്ല എല്ലാ പ്രതികളേയും 12-3-1996-ൽ തന്നെ അറസ്റ്റ് ചെയ്തു. കോടതി റിമാൻഡ് ചെയ്ത പ്രതികളെ ഇപ്പോൾ മാവേലിക്കര സബ്ജയിലിലാണ്. പോലീസിന്റെ പ്രവൃത്തിയെ ദേവസ്വം അധികാരികളും തന്നെ അനുമോദി ച്ചിട്ടുണ്ട്. കഴിഞ്ഞ മാസം ഉത്സവ ദിവസം ബഹളമുണ്ടാക്കിയ ഒരാളിനെ ആരോ മർദ്ദിച്ചതാണ് ഇതിന് കാരണം. ബഹുമാനപ്പെട്ട മെമ്പർ ചെങ്ങന്നൂ രിലുള്ള വാനരൻമാരുടെ പ്രശ്നം കഴിഞ്ഞ പ്രാവശ്യം ശ്രദ്ധയിൽപ്പെടുത്തിയ തുപോലെ അവിടത്തെ വിഗ്രഹങ്ങളുടേയും കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധയെ ഞാൻ അഭിനന്ദിക്കുന്നു.

മി. സ്പീക്കർ : ചെങ്ങന്നൂരിലുള്ള എല്ലാ കാര്യത്തിലും ശ്രദ്ധിക്കും.

VII റിപ്പോർട്ട് സമർപ്പണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സമർപ്പണം ഇന്നത്തെ അജണ്ടയിൽ ഉൾപ്പെടുത്തിയിരു ന്നതാണ്. ഇന്നത്തെ ചർച്ചയുടെ വെളിച്ചത്തിൽ അത് നാളത്തേക്ക് മാറ്റുക യാണ്.

ശ്രീ. ടി. ശിവദാസമേനോൻ : പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ എന്നുള്ള നിലയ്ക്ക് സമിതിയുടെ 114 മുതൽ 125 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. എം. എം. ഹസ്സനുവേണ്ടി സമിതി യുടെ 68 മുതൽ 72 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly